# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **6013** **7/7/2014** ൽ മറുപടിയ്ക്ക്

## റബ്ബറിന്റെ ഇറക്കുമതി തീരുവ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. ചെന്താമരാക്ഷൻ | | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | റബ്ബറിന്റെ ഇറക്കുമതി തീരുവ എത്ര ശതമാനം വർദ്ധിപ്പിച്ചു; തീരുവ വർദ്ധിപ്പിച്ചതി നുശേഷം റബ്ബർ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണവും വ്യക്തമാക്കാമോ; | (എ) | കേന്ദ്ര ധനകാര്യമന്ത്രാലത്തിന്റെ കീഴിലുള്ള റവന്യൂ വകുപ്പിന്റെ നോട്ടിഫിക്കേഷൻ നമ്പർ 51/2013 പ്രകാരം 2013 ഡിസംബർ 20 മുതൽ ഇറക്കുമതി തീരുവ 20 ശതമാനമോ 30 രൂപയോ ഏതാണ് കുറവ് ആ നിരക്കായി വർദ്ധിപ്പിച്ചിട്ടുണ്ട്. തീരുവ വർദ്ധിപ്പിച്ചതിന് ശേഷം റബ്ബറിന്റെ വിലയിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല.<br>റബ്ബർ ഒരു വ്യവസായിക പ്രാധാന്യമുള്ള ഉല്പന്നമായതിനാൽ ഇതിന്റെ വില അന്താരാഷ്ട്ര വിലയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. റബ്ബർ വില വർദ്ധിക്കാത്തതിന്റെ പ്രധാനകാരണം ആഭ്യന്തര-അന്താരാഷ്ട്ര ആവശ്യകതയിലുണ്ടാകുന്ന വ്യതിയാനവും അന്താരാഷ്ട്ര കമ്പോള വിലയിലുണ്ടാകുന്ന കുറവുമാണ്. |
| (ബി) | കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ സ്വാഭാവിക റബ്ബറിന്റെ വില എത്ര ശതമാനം ഇടിഞ്ഞു എന്ന് വ്യക്തമാക്കാമോ; | (ബി) | 2012 ൽ റബ്ബറിന്റെ ശരാശരി വില ക്വിന്റലിന് 18390 രൂപയായിരുന്നു. എന്നാൽ 2013 ലെ ശരാശരി വില 16,884 രൂപയാണ്. 2012 നെ അപേക്ഷിച്ച് ഏകദേശം 8 ശതമാനം വിലയിടിവാണ് 2013 ൽ സംഭവിച്ചിരിക്കുന്നത്. 2014 മേയ് മാസം വരെയുള്ള ശരാശരി വില ക്വിന്റലിന് 14750 രൂപയാണ്. 2012 നെ അപേക്ഷിച്ച് ഏകദേശം 20 ശതമാനം വിലയിടിവാണ് 2014 ൽ സംഭവിച്ചിരിക്കുന്നത്. |
| (സി) | റബ്ബർ കർഷകർക്ക് റബ്ബർ ബോർഡിൽ നിന്നും ലഭിക്കുന്ന സഹായം എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) | റബ്ബർ ബോർഡിന്റെ 12-ാമത്തെ പ്ലാൻ സ്കീം "sustainable and inclusive development of natural rubber sector" ന് ആകെ 960 കോടി രൂപയാണ് |

വകയിരുത്തിയിട്ടുള്ളത്. ദേശീയതലത്തിൽ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിൽ റബ്ബർ തോട്ടങ്ങളുടെ വികസനം, വിജ്ഞാനവ്യാപനം. ഗവേഷണം. റബ്ബറിന്റെയും റബ്ബർ തടിയുടേയും സംസ്കരണവും, വിപണനത്തിനും ആനുകൂല്യം , തൊഴിലാളികളുടെ ഉന്നമനം, പരിശീലനം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

റബ്ബർ കർഷകർക്ക് പ്രധാനമായും നൽകുന്ന ആനുകൂല്യം നടീലിനുള്ള ധനസഹായമാണ്.

| പ്രദേശം | ധനസഹായ-ത്തിന്റെ നിരക്ക് | അർഹത |
|---|---|---|
| Traditional region കേരളം, തമിഴ്നാട്ടിലെ കന്യാകുമാരി ജില്ല | ഹെക്ടറിന് 25000 രൂപ | 5 ഹെക്ടർ വരെ റബ്ബർ കൃഷി ഉള്ളവർക്ക് പരമാവധി 2 ഹെക്ടറി-നുള്ള ആനുകൂലം നൽകും. |
| Non Traditional Region otherthan NE | ഹെക്ടറിന് 35000 രൂപ (നടീൽ സബ് സിഡിയായി 30000 രൂപയും നടീൽ വസ്തു- വിന്റെ വിലയായി 5000 രൂപയും) | 10 ഹെക്ടർ വരെ റബ്ബർ കൃഷി ഉള്ള കർഷകർക്ക് പരമാവധി 5 ഹെക്ടറിനുള്ള ആനുകൂലം നൽകും |
| NE region | ഹെക്ടറിന് 35000 രൂപ(നടീൽ സബ് സിഡിയായി 22000 രൂപയും നടീൽ വസ്തുവിന്റെ വിലയായി 5000 രൂപയും | 20 ഹെക്ടർ വരെ റബ്ബർ കൃഷി ഉള്ള കർഷകർക്ക് പരമാവധി 10 ഹെക്ടറിനുള്ള ആനുകൂല്യം നൽകും |

(ഡി) റബ്ബറിന്റെ ഇറക്കുമതി ചുങ്കം വർദ്ധിപ്പി ക്കാനും കേന്ദ്രസർക്കാരിന് മേൽ സമ്മർദ്ദം ചെലുത്താനും നടപടി സ്വീകരി ക്കുമോ?

(ഡി) റബ്ബറിന്റെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് പല പ്രാവശ്യമായി നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ